നമ്പർ. സി1/5803/2013/റ്റിസി

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
*രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,*
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

# സർക്കുലർ 5/2017 മായുള്ള അധിക നിർദ്ദേശങ്ങൾ

1 സർക്കുലർ 5/2017-ലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള സമയപരിധി 01-04-2017 വരെ ദീർഘിപ്പിച്ചിരിക്കുന്നു. 01-04-2017ന് ശേഷം സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഡ്രൈവിംഗ് ടെസ്റ്റുകൾ സർക്കുലർ 5/2017-ലെ നടപടി ക്രമങ്ങൾക്കനുസരിച്ചായിരിക്കും

2 01-03-2017-ന് മുൻപ് ലേണേഴ്സ് ലൈസൻസ് ലഭിച്ചിട്ടുള്ളവരും 01-04-2017-ന് മുൻപ് 30 ദിവസം എന്ന പഠന സമയം കഴിഞ്ഞിട്ടുള്ളവരും 31-03-2017 ന് ശേഷം ടെസ്റ്റ് തീയതി ലഭിച്ചിട്ടുള്ളവരുമായവരിൽ പഴയ രീതിയിൽ ടെസ്റ്റിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് ഡ്രൈവിംഗ് ടെസ്റ്റിന്റെ തീയതി അപേക്ഷകൻ നേരിൽ സ്വയം ഹാജരാകുന്ന പക്ഷം 31-03-2017-ന് മുൻപുള്ള തീയതിയിൽ മുന്നോട്ടാക്കി നൽകാവുന്നതാണ്, ഈ അപേക്ഷകരെക്കൂടെ ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ 01-04-2017 വരെ അധിക ബാച്ചുകൾ അനുവദിക്കേണ്ടതും, ആവശ്യമെങ്കിൽ മാർച്ച് മാസത്തിലെ ബുധനാഴ്ചകളിലും, ശനിയാഴ്ചകളിലും ടെസ്റ്റ് നടത്തേണ്ടതുമാണ്. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ ഇതിന് നേതൃത്വം നൽകേണ്ടതും, ആവശ്യമുള്ള സ്ഥലങ്ങളിൽ മറ്റ് ഓഫീസുകളിൽനിന്നും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയും പ്രത്യേക ഡ്യൂട്ടിയ്ക്കായി നിയോഗിക്കേണ്ടതുമാണ്. ഈ സൗകര്യം LMV ലേണേഴ്സ് ലൈസൻസ് ലഭിച്ച അപെക്ഷകർക്ക് മാത്രമായിരിക്കും. ഇരുചക്ര/മുച്ചക്ര വാഹനങ്ങൾക്ക് മാത്രമായി ലേണേഴ്സ് ലൈസൻസ് ലഭിച്ചവർക്ക് ടെസ്റ്റ് രീതിയിൽ വ്യത്യാസമില്ലാത്തതിനാൽ ഈ സൗകര്യത്തിന്റെ ആനുകൂല്യം ആവശ്യമില്ലാത്തതാകുന്നു.

3 തീയതി മാറ്റി നൽകുന്നതിനായി 03-03-2017 മുതൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഉച്ചയ്ക്ക് 3 മണി മുതൽ 5 മണിവരെ അപേക്ഷകർക്ക് റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ കാണുവാൻ സൗകര്യം ചെയ്യേണ്ടതാണ്. പ്രസ്തുത സമയങ്ങളിൽ എന്തെങ്കിലും സാഹചര്യങ്ങളിൽ റീജിയണൽ / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ഹാജരില്ലെങ്കിൽ പ്രസ്തുത അപേക്ഷകൾ സ്വീകരിച്ച് നടപടിയെടുക്കുന്നതിന് സീനിയർ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരിക്കേണ്ടതാണ്. ഡ്രൈവിംഗ് ടെസ്റ്റ് തീയതി മാറ്റിനൽകുവാനുള്ള അനുവാദം 31-03-2017 വരെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും ഉണ്ടായിരിക്കുന്നതാണ്.

4 01-04-2017 ന് ശേഷം ലേണേഴ്സ്/ഡ്രൈവിംഗ് ടെസ്റ്റുകൾക്ക് ഒരു ബാച്ചിൽ 40 പേരിൽ കൂടുതൽ അനുവദിയ്ക്കുവാൻ പാടുള്ളതല്ല. ആയതിനുവേണ്ടി ഓഫീസുകളിലെ സോഫ്റ്റ്‌വെയറുകളിൽ റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതാണ്. ഏർപ്പെടുത്തിയ ക്രമീകരണങ്ങളുടെ വിവരങ്ങൾ അതാതു ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരേയും, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറേയും രേഖാമൂലം അറിയിയ്ക്കേണ്ടതും പിന്നീട് മാറ്റങ്ങൾ വരുത്തണമെങ്കിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ മുൻകൂർ അനുവാദം വാങ്ങേണ്ടതുമാണ്.

5 ഒന്നിലധികം ബാച്ചുകളായി ടെസ്റ്റുകൾ നടത്തുന്നതിന് ജീവനക്കാരുടെയും, മറ്റു അനുബന്ധ സൗകര്യങ്ങളുടേയും ലഭ്യത പരിഗണിയ്ക്കേണ്ടതാണ്. Test ന് വേണ്ടിയുള്ള അപേക്ഷകരുടെ പട്ടിക Web Login വഴിയും, Smart Move വഴിയും തയ്യാറാക്കേണ്ടതാണ്.

6 03-03-2017 മുതൽ ഡ്രൈവിംഗ് ടെസ്റ്റിനും/ ലേണേഴ്സ് ലൈസൻസ് ടെസ്റ്റിനും അപേക്ഷകന് ലഭിച്ച തീയതികളിൽ മാത്രമേ ടെസ്റ്റ് അനുവദിയ്ക്കാവൂ. ടെസ്റ്റ് തീയതികളിൽ രണ്ടാം ഖണ്ഡികയിൽ പറഞ്ഞതരത്തിലുള്ളവർക്കല്ലാതെ മാറ്റം വരുത്തി നൽകുവാൻ പാടില്ല. അപേക്ഷകന് ഏതെങ്കിലും കാരണവശാൽ ഡ്രൈവിംഗ് ടെസ്റ്റിന് അനുവദിയ്ക്കപ്പെട്ട ദിവസം ഹാജരാകുവാൻ കഴിയാതെ വന്നാൽ, പ്രസ്തുത തീയതിയ്ക്കു ശേഷമുള്ള ലഭ്യമായ തീയതി ഓൺലൈൻ വഴി സ്വയം തിരഞ്ഞെടുക്കുവാൻ നിർദ്ദേശിയ്ക്കേണ്ടതാണ്. ലേണേഴ്സ് ടെസ്റ്റിന് നിശ്ചയിച്ച ദിവസം ഹാജരാകുവാൻ സാധിച്ചില്ലായെങ്കിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതുവരെ അപേക്ഷകൻ നേരിൽ ഹാജരാകുന്ന മുറയ്ക്ക് റീജിയണൽ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ പുതിയ തീയതി അനുവദിയ്ക്കേണ്ടതാണ്.

7 ഡ്രൈവിംഗ് ടെസ്റ്റിന് Absent ആകുന്ന അപേക്ഷകന് 28 -)മതു വരുന്ന അതേ ദിനവും, തോൽക്കുന്നയാൾക്ക് 14 -)മത് വരുന്ന അതേ ദിനവും ടെസ്റ്റിനായി അനുവദിയ്ക്കുന്ന രീതിയിൽ Smart Move ക്രമീകരണം നടത്തിയിട്ടുള്ളതിനാൽ ഡ്രൈവിംഗ് ടെസ്റ്റിനു ശേഷം മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ നിർബന്ധമായും Smart Move – ൽ Pass/Fail/Absent രേഖപ്പെടുത്തേണ്ടതാണ്.

8 ഡ്രൈവിംഗ് ടെസ്റ്റിംഗ് ഗ്രൗണ്ടുകളുടെ വിവരം, ലേണേഴ്സ്/ഡ്രൈവിംഗ് ടെസ്റ്റ് ദിനങ്ങൾ അനുവദിച്ചിട്ടുള്ള ബാച്ചുകൾ, ക്രമപ്പെടുത്തിയിട്ടുള്ള അപേക്ഷകരുടെ എണ്ണം, തോറ്റുപോയാൽ/ആബ്സന്റ് ആയാൽ തുടർന്നു ലഭിയ്ക്കുന്ന ഡ്രൈവിംഗ് ടെസ്റ്റിന്റെ ദിനം എന്നിവ ഓഫീസിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതതു ഓഫീസുകളിൽ എഴുതി പ്രദർശിപ്പിയ്ക്കേണ്ടതാണ്.

ട്രാൻസ്പോർട്ട് കമ്മീഷണർ